# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 4138 27.06.2012-ൽ മറുപടിയ്ക്ക്

## പാലക്കാട് ജില്ലയിൽ മെഡിക്കൽ കോളേജ്

ചോദ്യം

ശ്രീ. എം. ഹംസ

ഉത്തരം

ശ്രീ. എ. പി. അനിൽകുമാർ

(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ | പാലക്കാട് ജില്ലയിൽ ഒരു മെഡിക്കൽ കോളേജ് ആരംഭിക്കുവാൻ പട്ടികജാതി വികസന വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന് എന്തു തുക ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇതിനാവശ്യമായ തുക ഏതു ഫണ്ടിൽ നിന്നാണ് ലഭ്യമാക്കുന്നത്; ഇതിനാവശ്യമായ സ്ഥലം എവിടെയാണ് കണ്ടെത്തിയിട്ടുള്ളത്; | എ | ഉണ്ട്. ഇക്കാര്യങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുവാനുദ്ദേശിക്കുന്നു. പ്രസ്തുത റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ മറ്റു കാര്യങ്ങളെക്കുറിച്ച് അന്തിമ തീരുമാനമെടുക്കാനാവൂ. ആവശ്യമായ ഫണ്ട് പട്ടികജാതി വികസന വകുപ്പിന്റെ കോർപ്പസ്/പൂൾഡ് ഫണ്ടുകളിൽ നിന്നും ലഭ്യമാക്കും.<br>പാലക്കാട് ജില്ലയിൽ ഇന്ത്യൻ ടെലിഫോൺ ഇൻഡസ്ട്രീസിനു വേണ്ടി പൊന്നും വിലക്കെടുത്ത് ഇപ്പോൾ ഉപയോഗ ശൂന്യമായി കിടക്കുന്ന 72.77 ഏക്കർ സ്ഥലത്ത് നിന്നും മെഡിക്കൽ കോളേജിന് ആവശ്യമായി വരുന്ന ഭൂമി ലഭ്യമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നു. |
| ബി | പ്രസ്തുത കോളേജ് ആരോഗ്യ വകുപ്പിന് കൈമാറുവാൻ ഉദ്ദേശ്യമുണ്ടോ; കോളേജിന്റെ നിത്യ ചെലവുകൾക്കുള്ള തുക എങ്ങനെ സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; | ബി | ഇല്ല. സ്പെഷ്യൽ ഓഫീസർ സമർപ്പിക്കുന്ന റിപ്പോർട്ട് പരിഗണിച്ചായിരിക്കും ഇക്കാര്യത്തിൽ തീരുമാനമെടുക്കുക. |

| | | | |
|---|---|---|---|
| സി | പ്രസ്തുത മെഡിക്കൽ കോളേജിൽ പട്ടികജാതിക്കാർക്ക് സംവരണം നൽകാൻ ആലോചിക്കുന്നുണ്ടോ; മെഡിക്കൽ കോളേജിന് സ്വകാര്യ പങ്കാളിത്തമില്ലെന്ന് ഉറപ്പ് വരുത്താമോ | സി | ഉദ്ദേശിക്കുന്നുണ്ട്. സ്വകാര്യ പങ്കാളിത്തമുണ്ടായിരിക്കില്ല. |
| ഡി | പ്രസ്തുത മെഡിക്കൽ കോളേജ് ഏതു വർഷം പൂർണ്ണമായ രീതിയിൽ പ്രവർത്തനമാരംഭിക്കുമെന്നും പ്രതിവർഷം എന്തു തുക ചെലവ് വരുമെന്നും അറിയിക്കുമോ; | ഡി | 2013 - 2014 ൽ പ്രവർത്തനമാരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. ചെലവ് സംബന്ധിച്ച് സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ട് ലഭിച്ചാലേ മറുപടി പറയാൻ കഴിയുകയുള്ളൂ. |
| ഇ | മെഡിക്കൽ കോളേജിന് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടോ; പുരോഗതി വ്യക്തമാക്കാമോ; | ഇ | നടപടി സ്വീകരിച്ചു വരുന്നു |
| എഫ് | അഞ്ച് വർഷം കൊണ്ട് എത്ര കുട്ടികൾക്ക് മെഡിക്കൽ വിദ്യാഭ്യാസം നേടാനാവുമെന്നും ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ്, ഇതര സ്റ്റാഫംഗങ്ങൾ എന്നീ വിഭാഗത്തിൽ എത്ര ജീവനക്കാർ ആവശ്യമായി വരുമെന്നും ഓരോ ഇനത്തിലും എത്ര പേർ വേണ്ടിവരുമെന്നും വ്യക്തമാക്കാമോ; ബ്രേക്ക് ഈവൻ എന്നത്തേക്കാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ ? | എഫ് | ഓരോ വർഷവും 100 കുട്ടികൾക്ക് വീതം മെഡിക്കൽ വിദ്യാഭ്യാസം നേടാനാകുമെന്ന് പ്രതീക്ഷിക്കുന്നു; സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഇതിനെ സംബന്ധിച്ച് വിശദീകരണം നൽകാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ